**പതിമൂന്നാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. * 68

07.02.2013 ൽ
മറുപടിക്ക്

## വിനോദസഞ്ചാരമേഖലയുടെ വളർച്ചയ്ക്ക് നൂതന ആശയങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ. പി.സി. ജോർജ്<br>ശ്രീ.എം.വി.ശ്രേയാംസ് കുമാർ<br>ഡോ എൻ.ജയരാജ് | ശ്രീ. എ.പി.അനിൽകുമാർ<br>(പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |

എ) സംസ്ഥാനത്തെ വിനോദ സഞ്ചാര മേഖല മുൻ വർഷങ്ങളെ അപേക്ഷിച്ച് നടപ്പു സാമ്പത്തിക വർഷം എത്രത്തോളം വളർച്ച പ്രാപിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നല്കുമോ;

ബി) വിനോദസഞ്ചാര രംഗത്തുണ്ടായ വളർച്ച എപ്രകാരമാണ് നിശ്ചയിക്കുന്നത്; വിശദാംശങ്ങൾ നല്കുമോ;

എ)& ബി) വിനോദ സഞ്ചാര മേഖലയുടെ വളർച്ച പ്രധാനമായും ടൂറിസ്റ്റുകളുടെ എണ്ണം, അതിൽ നിന്നുള്ള വരുമാനം, ടൂറിസം മേഖലയിൽ നിന്നും ലഭ്യമാകുന്ന വിദേശ നാണ്യം എന്നിവയിലുണ്ടാകുന്ന വർദ്ധന വിലൂടെയാണ് കണക്കാക്കുന്നത്. ഇത് ആഗോളപരമായി കലണ്ടർ വർഷാടിസ്ഥാനത്തിൽ കണക്കാക്കുന്നതി നാൽ സാമ്പത്തിക വർഷാടിസ്ഥാന ത്തിലുള്ള കണക്കുകൾ ലഭ്യമല്ല. 2012 ൽ വിദേശ ടൂറിസ്റ്റുകളുടെ എണ്ണത്തിൽ 2011 ലേക്കാൾ 7.74%വും തദ്ദേശ ടൂറിസ്റ്റുകളുടെ എണ്ണത്തിൽ 7.41% വളർച്ചയും രേഖപ്പെടുത്തിയിട്ടുണ്ട്. 2012-ൽ 789698 വിദേശ ടൂറിസ്റ്റുകളും 10076854 തദ്ദേശ ടൂറിസ്റ്റുകളും കേരളം സന്ദർശിച്ചിട്ടുണ്ട്. ടൂറിസത്തിൽ നിന്നുള്ള വരുമാനം 2012-ൽ 21125 കോടി രൂപയായി കണക്കാക്കുന്നു. 4548.66 കോടി രൂപ വിദേശ നാണ്യവും കേരളത്തിന് നേടിയെടുക്കുന്നതിന് സാധിച്ചു.

സി) ഈ മേഖലയുടെ സമഗ്രമായ വളർച്ച ലക്ഷ്യമാക്കി എന്തെല്ലാം നൂതന ആശയങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കുമോ

സി) ടൂറിസം മേഖലയുടെ സമഗ്രമായ വളർച്ച ലക്ഷ്യമാക്കി ടൂറിസം ഉൽപ്പന്നങ്ങളുടെ വികസനത്തിലും, അത്യാധുനിക അടിസ്ഥാനസൗകര്യങ്ങളുടെ വിന്യാസ ത്തിലും മാർക്കറ്റിംഗ് പ്രക്രിയയിലും, നൂതനങ്ങളായ ആശയങ്ങൾ നടപ്പിലാക്കു ന്നതിനാണ് ഉദ്ദേശിക്കുന്നത്.

| | | | |
|---|---|---|---|
| ഡി) | ഗ്രാമീണ വിനോദസഞ്ചാരം ഈമേഖലയുടെ വളർച്ചയിൽ എത്രത്തോളം സഹായകരമാകുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നല്കുമോ | ഡി) | വിലയിരുത്തിയിട്ടുണ്ട്.: ഗ്രാമീണ വിനോദ സഞ്ചാരത്തിന് ഏറെ സാധ്യതയുള്ള സംസ്ഥാനമായ കേരളത്തിന്റെ വിവിധ സ്ഥലങ്ങളിൽ കൃഷിയും മറ്റു ഗ്രാമീണ ഉത്പന്നങ്ങളുമായി ബന്ധപ്പെടുത്തി സഞ്ചാരികളെ ആകർഷിക്കുന്നതിനും, ഗ്രാമവാസികൾക്ക് സാമ്പത്തിക മെച്ചം ഉറപ്പാക്കുന്നതിനും സഹായകരമായ വിധത്തിൽ ഗ്രാമീണ ടൂറിസം പാക്കേജുകൾ നടപ്പാക്കി വരുന്നുണ്ട്. ഉദാ;-കുമ്പളങ്ങി, ആറന്മുള, ആനക്കല്ല്, ക്ളാപ്പന, കുമരകം, കോവളം, അമ്പലവയൽ, തേക്കടി തുടങ്ങിയവ. |
| ഇ) | 2013-14 സാമ്പത്തിക വർഷം ഗ്രാമീണ മേഖലകളിലെ വിനോദസഞ്ചാര സാധ്യതകൾ പ്രയോജനപ്പെടുത്തുവാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ? | ഇ) | ഇപ്പോൾ നിലവിലുള്ള ഗ്രാമീണ ടൂറിസം പദ്ധതികളെ ശക്തിപ്പെടുത്തുന്നതിനും, ഉത്തരവാദിത്ത ടൂറിസവുമായി ബന്ധപ്പെട്ട് ഗ്രാമീണ ടൂറിസം സർക്യൂട്ടുകൾ രൂപപ്പെടുത്തി വിപണനം ചെയ്യുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു |

സെക്ഷൻ ഓഫീസർ